## പരിശുദ്ധ വേളാങ്കണ്ണി മാതാവിനോടുള്ള നവനാൾ ജപം



ഏറ്റവും പരിശുദ്ധവും നിർമ്മലവുമായ ദിവ്യ കന്യകെ! ഈശോയുടെ പരിശുദ്ധ മാതാവാകുവാൻ അനാദികാലം മുതൽക്കെ, പരിശുദ്ധ ത്രീത്വത്താൽ തിരഞ്ഞെടുക്കപ്പെട്ടവളെ!, നമ്മുടെ ദിവ്യനാഥന്റെ മനുഷ്യാവതാരവേളയിൽ, അങ്ങ് അനുഭവിച്ച പരമാനന്ദത്തെ, ഭക്ത്യാ സ്മരിക്കുന്നവർക്ക്, അങ്ങ് പറഞ്ഞൊത്തിട്ടുള്ള പ്രത്യേക സംരക്ഷണം നൽകി പാപിയായ എന്നെ അനുഗ്രഹിക്കണമെ.

അങ്ങേ തിരുക്കുമാരന്റെ കാരുണ്യത്തിൽ ആശ്രയിച്ച് "ചോദിക്കുവിൻ നിങ്ങൾക്കു നൽകപ്പെടും" എന്ന വാഗ്ദാനത്തിൽ ശരണപ്പെട്ട്, അങ്ങയുടെ വല്ലഭയായ മാദ്ധ്യസ്ഥത്തിലുള്ള വിശ്വാസത്താൽ നിറഞ്ഞ് അങ്ങയോട് ഞാൻ പ്രാർത്ഥിക്കുന്നു. ദുഖിതരിൽ അലിവേറും നാഥേ! ദൈവതിരുസന്നിധിയിൽ, എനിക്കു വേണ്ടി അങ്ങ് മാദ്ധ്യസ്ഥം വഹിക്കേണമേ. ഈ നവനാൾ പ്രാർത്ഥന വഴി, ഞാൻ യാചിക്കുന്ന അനുഗ്രഹങ്ങള് - അവ ദൈവഹിതത്തിനു യോജ്യമാണെങ്കിൽ - എനിക്ക് അങ്ങ് ലഭിച്ചു തരണമേ. ദൈവഹിതം മറിച്ചാണെങ്കിൽ, എനിക്കേറ്റവും ആവശ്യമായ നന്മകൾ നൽകി എന്നെ അനുഗ്രഹിച്ചാലും.

(ഇവിടെ ലഭിക്കുവാനാഗ്രഹിക്കുന്ന പ്രത്യേകാവശ്യങ്ങൾ അപേക്ഷിക്കുക)

ഓ ദൈവമാതാവേ! ഗബ്രിയേൽ ദൈവദൂതന്, ആദ്യമായി "നന്മ നിറഞ്ഞവളേ" എന്ന് അങ്ങയെ അഭിവാദനം ചെയ്തു, ആ മഹിമ നിറഞ്ഞ, ആദരവണക്കങ്ങളോടു ചേർത്ത്, പാപിയായ എന്റെ വിനീതമായ അഭിവന്ദനങ്ങളേയും അങ്ങ് സ്വീകരിക്കണമേ.

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിന്റെ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും, ഞങ്ങളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിയ്ക്കേണമേ. ആമ്മേൻ. (9 പ്രാവശ്യം ചൊല്ലുക)

അങ്ങേ വല്ലഭമായ മാദ്ധ്യസ്ഥം വഴി, ഞാനിപ്പോൾ യാചിച്ച വരങ്ങളും അനുഗ്രഹങ്ങളും എനിക്ക് ലഭിച്ചു തരേണമെന്ന് വ്യാകുലരുടെ ആശ്വാസമായ മാതാവേ, അങ്ങയോടു ഞാന് പ്രാർത്ഥിക്കുന്നു. അങ്ങേ മഹത്വത്തിനായി, ഞാൻ ചെയ്യുന്ന എല്ലാ നന്മപ്രവർത്തികളും, സഹിക്കുന്ന എല്ലാ കഷ്ടപ്പാടുകളും ഈ അനുഗ്രഹലബ്ധിക്കായി, അങ്ങേയ്ക്ക് ഞാൻ കാഴ്ച സമർപ്പിക്കുന്നു. അങ്ങെ ഹൃദയത്തെ, ദിവ്യസ്നേഹത്താൽ എന്നെന്നും എരിയിച്ച, സ്നേഹാർദ്രമായ ഈശോയുടെ തിരുഹൃദയസ്നേഹത്തെപ്രതി എന്റെ ഈ എളിയ യാചനകൾ കേൾക്കണമെന്നും, എന്റെ അപേക്ഷകൾ സാധിച്ചു തരേണമെന്നും, അങ്ങയോടു ഞാൻ ഏറ്റം വിനീതമായി പ്രാർത്ഥിക്കുന്നു. ആമ്മേൻ.

തൂലിക